(ബി-ഡി) ഉണ്ട്. ഇൻഫർമേഷൻ ക്ലസ്റ്റർ ട്രേഡിന് വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതിനാൽ നിലവിലുള്ള ഇലക്ട്രോണിക് മെക്കാനിക് കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് വേണ്ടി 35 ലക്ഷം രൂപ 2230-03-101-87- Modernisation of ITIs (P) 2014-15 ശീർഷകത്തിൽനിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് ട്രെയിനിംഗ് ഡയറക്ടർ സർക്കാരിന് 19-11-2014-ലെ ഇ.7/13756/2012(2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ ഉപകരണ സംഭരണത്തിനായി വകയിരുത്തിയിരുന്ന 30 കോടി രൂപയിൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുകയിൽനിന്നും ടി രണ്ടാംനില കെട്ടിടം നിർമ്മിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിക്കണമെന്നതായിരുന്നു ട്രെയിനിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ. ടി പ്രൊപ്പോസൽ 27499/സി3/14/ തൊഴിൽ നമ്പർ ഫയലിൽ ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം 23-1-2015-ലെ ജി.ഒ.(പി) നമ്പർ 48/15/ ധന. നമ്പർ ഉത്തരവുപ്രകാരം ശിപാർശ ലഭ്യമാക്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് 4-4-2015-ൽ നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ടി ഉത്തരവിൽ പ്രതിപാദിച്ചപോലെ കൊയിലാണ്ടി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഇൻഫർമേഷൻ ക്ലസ്റ്റർ ട്രേഡിന് അഫിലിയേഷൻ നേടിയെടുക്കുന്നതിലേയ്ക്കായി ടി കെട്ടിടനിർമ്മാണത്തിനായി 35 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ മോഡണൈസേഷൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് 2-5-2015-ലെ ഇ-7/13756/12 (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ഫയൽ നം.9229/സി3/15/തൊഴിൽ-ൽ പരിശോധിച്ചുവരുന്നു.

(ഇ) ഐ.ടി.ഐ.-യുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട ശിപാർശകൾ ഒന്നുംതന്നെ പ്രിൻസിപ്പളിൽനിന്നും ലഭ്യമായിട്ടില്ലെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരനിയമനം

269 (934) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1525336 പേർ.

(ബി) 5672 പേർക്ക്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ

270 (935) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെകാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി, രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) എങ്കിൽ ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത് ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള നിയമപ്രകാരം മൂന്ന് വർഷത്തിൽ ഒരിക്കൽ തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതായിട്ടുണ്ട്. നേരിട്ടോ ദൂതൻ മുഖേനയോ തപാൽ മാർഗ്ഗമോ പുതുക്കാവുന്നതാണ്. ആയതിലേയ്ക്ക് പുതുക്കേണ്ട മാസവും തൊട്ടടുത്ത രണ്ട് മാസവും ഗ്രേസ് പീരീഡായി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly